# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3-1213 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3-1213 /2023 തീയ്യതി: 15/11/2023

## ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 28-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 28-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സുഷ.റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം.ജി.ശ്രീകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീല.ആർ | സെക്രട്ടറി | 01-04-2022 | 05-10-2022 |
| ശ്രീമതി.ഇ.ആർ ഓമന അമ്മാൾ | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിപിൻ.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൂര്യാ രാജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീതാകുമാരി.പി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഗണേഷ്.കെ.എം | മെഡിക്കൽ ഓഫീസർ, (ആരോഗ്യം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനിത രാജ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലക്ഷ്മി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.ജോൺ ജേക്കബ് | എച്ച്.എം | 01-04-2022 | 31-03-2023 |
| ശ്രീ.പ്രവീൺ.പി.എൽ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ.മോഹൻദാസ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി.റജിമോൾ.റ്റി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആര്യാ സതീശൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 31-03-2023 |
| ശ്രീമതി.വിദ്യ.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 16-08-2022 |
| ശ്രീമതി.നാദിയ അഹമ്മദ് | വില്ലേജ് എക്സ്റ്റന്‍ഷൻ ഓഫീസർ-2 | 17-08-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയും എ.സി.ആറും തമ്മിൽ പൊരുത്തമില്ല | 1-1-1 |
| 3 | CFC ഗ്രാന്റ് തുകകൾ - മുന്നിരുപ്പ് തുക കൃത്യമല്ല | 1-1-2 |
| 4 | ലോൺ കണക്കിൽ കൃത്യതയില്ല | 1-1-3 |
| 5 | Profession Tax Traders – ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് തുകകൾ നേരിട്ട് കുറവ് ചെയ്തത് മൂലം രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തമില്ല | 1-1-5 |
| 7 | വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-6 |
| 8 | വസ്തുനികുതി - സഞ്ചയ - ILGMS ഡി.സി.ബി കൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | MNREGS വാർഷിക കണക്കിലെ ചെലവ് കണക്ക് M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-11 |
| 13 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-12 |
| 14 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-14 |
| 16 | Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |

| | | |
|---|---|---|
| 24 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 25 | തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം | 1-10 |
| 26 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത | 1-11 |
| 27 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല | 1-12 |
| 28 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 29 | ലൈസൻസുകൾ സമയപരിധിയ്ക്കുള്ളിൽ നൽകുന്നില്ല | 1-14 |
| 30 | ലേലം -സുതാര്യതയില്ലാത്ത ലേല നടപടികൾ | 1-15 |
| 31 | സാമൂഹ്യ പെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നു | 1-16 |
| 32 | സെക്രട്ടറി നിർവഹണം നടത്തിയ പി.എച്ച്.സി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാതെ പദ്ധതി ഉപേക്ഷിച്ചു | 1-17 |
| 33 | നിക്ഷേപ പ്രവൃത്തികൾക്കും ഐ.കെ.എം വിഹിതം നൽകലിനുമായി തുക മുൻകൂറായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-18 |
| 34 | സമഗ്ര ആരോഗ്യ സർവ്വേ- സർവ്വേ നടത്തിയതായി രേഖയില്ല | 1-19 |
| 35 | വാങ്ങിയ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചില്ല | 1-20 |
| 36 | തൊഴിലുറപ്പ് പദ്ധതിയുടെ എം ബുക്ക് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നു | 1-21 |
| 37 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയിട്ടില്ല | 1-22 |
| 38 | തെരുവു വിളക്കുകൾ എൽ ഇ ഡി ലൈറ്റുകളായി മാറ്റിയിട്ടും, വൈദ്യുതി ചാർജ്ജിൽ കുറവുണ്ടാവുന്നില്ല | 1-23 |
| 39 | വാങ്ങലിൽ ജില്ലാ തല യൂണിറ്റ് കോസ്റ്റ് പാലിച്ചിട്ടില്ല | 1-24 |
| 40 | ബാല ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ - തുക സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു | 1-25 |
| 41 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-26 |
| 42 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല | 1-27 |
| 43 | ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 1-28 |
| 44 | കൈപ്പറ്റ് /വിതരണ രേഖകൾ ലഭ്യമാക്കിയില്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 45 | തോടുകളുടെ ആഴം കൂട്ടലും ശുചീകരണവും- ഒരേ ഇനം പ്രവൃത്തികൾ രണ്ട് | 1-30 |

| | | |
|---|---|---|
| | പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്നു | |
| 46 | സ്കൂളിനായി വാങ്ങിയ ഉപകരണങ്ങൾ അലക്ഷ്യമായി സൂക്ഷിക്കുന്നു | 1-31 |
| 47 | ഹരിത കർമ്മ സേനയ്ക്കായി വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല | 1-32 |
| 48 | വില മുൻകൂറായി നൽകിയെങ്കിലും ഹോമിയോ മരുന്ന് പൂർണ്ണമായി ലഭിച്ചില്ല | 1-33 |
| 49 | പദ്ധതി ആസൂത്രണ നിർവ്വഹണത്തിൽ കൃത്യതയില്ല | 1-34 |
| 50 | കോവിഡ് കാലം കഴിഞ്ഞിട്ടും കോവിഡ് പ്രതിരോധം എന്ന പേരിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നു | 1-35 |
| 51 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വാങ്ങിയ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചില്ല | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07/07/2023 ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്രോളർ ആന്റ് ഓഡിറ്റർ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യ പത്രികയും എ.സി.ആറും തമ്മിൽ പൊരുത്തമില്ല

ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) എസിആർ പ്രകാരമുള്ള ചെലവ് തുകയും (12573809) വാർഷികകണക്ക് പ്രകാരമുള്ള (I-6) ചെലവ് തുകയും (12047582/-) പൊരുത്തപ്പെടുന്നില്ല. ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി) എസിആർ പ്രകാരമുള്ള ചെലവ് തുകയും (6037640/-) വാർഷികകണക്ക് പ്രകാരമുള്ള (I-6) ചെലവ് തുകയും (6351721/-) പൊരുത്തപ്പെടുന്നില്ല. ക്യൂ ബിൽ ആയ തുകകൾ എ.സി.ആറിൽ ചെലവായി ഉൾപ്പെടുകയും ജി.ഒ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ എ.സി.ആറിൽ ചെലവായി ഉൾപ്പെടാത്തതുമാണ് ഈ പൊരുത്തമില്ലായ്മക്ക് കാരണമെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/20.09.2023) മറുപടി ലഭിച്ചു.

### 1-1-2 CFC ഗ്രാന്റ് തുകകൾ - മുന്നിരുപ്പ് തുക കൃത്യമല്ല

മുൻ വർഷത്തെ എ.എഫ്.എസിൽ CFC Grant – Tied ( 2777000), CFC Grant –Un Tied (1852000) വരവ് തുകകൾ തന്നെ B4 ഷെഡ്യൂളിൽ തെറ്റായി ബാധ്യത ആയി ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ മാന്വൽ ആയി തയ്യാറാക്കിയ മുന്നിരുപ്പ് തുകകളാണ് യഥാർത്ഥ കണക്കുകളെ പ്രതിഫലിപ്പിക്കുന്നത്.

### 1-1-3 ലോൺ കണക്കിൽ കൃത്യതയില്ല

ലോൺ കണക്കിൽ കൃത്യതയില്ല. മുൻ വർഷ എ.എഫ്.എസിൽ ഔട്ട് സ്റ്റാന്റിംഗ് ബാലൻസായി കാണിച്ചിരുന്ന തുകയിൽ 176000/- രൂപയുടെ വ്യത്യാസം നിലനിന്നിരുന്നു. മുന്നിരുപ്പ് തുക ശരിയല്ലാതിരുന്നതിനാൽ മാന്വൽ ആയി തയ്യാറാക്കിയ മുന്നിരുപ്പ് തുകകളുടെ അടിസ്ഥാനത്തിലാണ് ഔട്ട് സ്റ്റാന്റിംഗ് ബാലൻസ് കണക്കാക്കി B-5 (Secured Loan) ഷെഡ്യൂളിൽ ചേർത്തിട്ടുള്ളത് (10963130/-).

### 1-1-4 Profession Tax Traders – ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

Profession Tax Traders ഇനത്തിൽ രജിസ്റ്ററിലെ ഡി.സി.ബി തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിൽ ഡി.സി.ബി തെറ്റായാണ് ചേർത്തിട്ടുള്ളത്.

### 1-1-5 ഡെപ്പോസിറ്റ് തുകകൾ നേരിട്ട് കുറവ് ചെയ്തത് മൂലം രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തമില്ല

വാർഷിക ധനകാര്യ പത്രികയിൽ വരവിനത്തിൽ RP33 Deposit Received ൽ രേഖപ്പെടുത്തിയിട്ടുള്ള Contractors Retention (21754/-), Bidders Security Deposit (1500/-), Deposit Received For Halls & Auditoriums (1500/-) എന്നീ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ജേണൽ മുഖാന്തിരം നേരിട്ട് കുറവ് ചെയ്ത തുകയായതിനാലാണ് RP33 ൽ ഉൾപ്പെടാതിരുന്നത്. ഡെപ്പോസിറ്റ് തുക പരിശോധിച്ച് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-6 വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

വിവിധ ഏജൻസികൾക്ക് (കെ എസ് ഇ ബി, വാട്ടർ അതോറിറ്റി, പി ഡബ്ല്യൂ ഡി) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. (KWA-294002, KSEB-78934, PWD-50000). ഓഡിറ്റ് വർഷം വിവിധ നിക്ഷേപ പ്രവൃത്തിക്കായി 455859/- രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചെങ്കിലും വളരെ ചെറിയ തുക മാത്രമാണ് B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്.

1-1-7 വസ്തുനികുതി - സഞ്ചയ - ILGMS ഡി.സി.ബി കൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഇനത്തിൽ 31.03.2023ലെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി കണക്കും ILGMS പ്രകാരമുള്ള ഡി.സി.ബി കണക്കും പൊരുത്തപ്പെടുന്നില്ല.

1-1-8 MNREGS വാർഷിക കണക്കിലെ ചെലവ് കണക്ക് M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

MNREGS ൽ I-6 ൽ ഉൾപ്പെട്ട ആകെ റവന്യൂ ചെലവുകൾ (അഡ്മിൻ+ തൊഴിലാളികളുടെ കൂലി-25118240/-) M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ചിട്ടുള്ള വിവിധ ഗ്രാന്റ് തുകകളുടെ വിനിയോഗത്തെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-10 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-18918455.00) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-15927135) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-12 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്.) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കേണ്ടതാണ്.

1-1-13 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-14 Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

മരാമത്ത് പ്രവൃത്തികളിൽ 2022-23 വർഷം പാർട്ട്ബിൽ നൽകിയ (1324268/-) B -11 (B) Capital Work In Progress ഹെഡ്ഡിൽ ചേർത്തിട്ടുള്ള തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് വർഷം ചെലവ് വന്ന മുഴുവൻ പാർട്ട് ബില്ലും ലെഡ്ജറിൽ ഉൾപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1-15 Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല

Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത (ഷെഡ്യൂൾ I-18, തുക (-)2296323) നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25-03-2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 159160114 | 151639500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെന്റിച്ചർ) | 106229734 | 106074275 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11628577 |
| വരവ് | 28654441 |
| ആകെ | 40283018 |
| ചെലവ് | 25981749 |
| നീക്കിയിരിപ്പ് | 14301269 |

### 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 14420000 | 14420000 | 14406421 | 13579 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 7447000 | 7447000 | 6718698 | 728302 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 6280000 | 6280000 | 4504334 | 1775666 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 0 | 4570000 | 4570000 | 4093237 | 476763 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ബാങ്ക്) | 1732409 | 2877000 | 4609409 | 3530442 | 1078967 (ബാങ്ക്) |
| | ടൈഡ് (ട്രഷറി) | 0 | 666083 | 666083 | 153854 | 512229 |
| | അൺ ടൈഡ് (ബാങ്ക്) | 343257 | 2042661 | 2385918 | 1823105 | 562813(ബാങ്ക്) |

| | | | | | |
|---|---|---|---|---|---|
| | അൺ ടൈഡ്(ട്രഷറി) | 0 | 151243 | 151243 | 0 | 151243 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1832612/-രൂപ, 681058/-രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അപാകത സംഭവിച്ചതിനാൽ വികസന ഫണ്ട്(ജനറൽ) ഇനത്തിൽ വരവിനേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തുകയും ബാലൻസ് (-106345/-) നെഗറ്റീവ് സംഖ്യയുമാണ്. കൂടാതെ ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ ബിൽ ആയതുമായ ബില്ലുകൾ ഓഡിറ്റ് വർഷം ചെലവ് വന്നിട്ടില്ലെങ്കിലും എ.സി.ആറിൽ ചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി അപാകതകൾ നിലനിൽക്കുന്നതിനാൽ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ വരവ്, ചെലവ് തുകകൾ യഥാർത്ഥ വരവ്, ചെലവ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല. സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ജി.ഒ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 198/23 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 233600 | വികസനഫണ്ട് (ജനറൽ) |
| 215/23 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 233600 | വികസനഫണ്ട് (ജനറൽ) |
| 217/23 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 233600 | വികസനഫണ്ട് (ജനറൽ) |
| 196/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 565906 | വികസനഫണ്ട് (ജനറൽ) |
| 219/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 565906 | വികസനഫണ്ട് (ജനറൽ) |
| ആകെ | 1832612/- | |
| 197/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 340529/- | വികസനഫണ്ട് (എസ്.സി.പി) |
| 218/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 340529/- | വികസനഫണ്ട് (എസ്.സി.പി) |
| ആകെ | 681058/- | |

ഇവ കൂടാതെ ഖണ്ഡിക 1-1 ൽ പരാമർശിച്ച അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 1 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 183 | 77814521 | 143 | 41926849 | 04 | 36 | 78 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3195 | 1285155 | 1288350 | 1284595 | 3755 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 21793701 | 21793701 | 21793701 | 0 |
| ആകെ | 3195 | 23078856 | 23082051 | 23078296 | 3755 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 4198800 | 2708 |
| വിധവാ പെൻഷൻ | 7068900 | 4512 |
| വാർദ്ധക്യകാല പെൻഷൻ | 16210700 | 11219 |
| വികലാംഗ പെൻഷൻ | 2576500 | 1643 |
| അവിവാഹിത പെൻഷൻ | 220800 | 138 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-08-23, 3 പി.എം ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17752/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം

സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

5.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എം ബുക്കുകൾ വളരെ അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നത്. അളവുകൾ വെട്ടിതിരുത്തൽ വരുത്തിയിരിക്കുന്നു. പല എം ബുക്കുകളിലും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കുന്നില്ല. തയ്യാറാക്കിയിട്ടുള്ള മെമ്മോ ഓഫ് പേയ്മെന്റുകളിലാവട്ടെ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തുന്നുമില്ല.

6.എൽ.ഐ.ഡി&ഇ.ഡബ്ല്യൂ വിഭാഗവും തൊഴിലുറപ്പ് വിഭാഗവും കയർ ഭൂവസ്ത്രം വിരിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഇത്തരം സാങ്കേതികത്വം അധികം ആവശ്യമില്ലാത്ത പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതും രണ്ട് പദ്ധതികളിലും ഒരേ പ്രവൃത്തികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

7. തെരുവ് വിളക്ക് - വൈദ്യുതി ചാർജ്ജ് നിർണ്ണയം സുതാര്യമല്ല- മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറേണ്ടതാണ്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും- അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ കൃത്യമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ സാധ്യതകൾ ഇല്ലാത്തതിനാൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവുചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രകാരമുള്ളത്

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | 14880000 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തനത് വരുമാനം

| | |
|---|---|
| നികുതി, നികുതിയേതര ഇനങ്ങളിലെ വരവ് | 5438276 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203 ാം വകുപ്പ് (2) ഉം,4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ

ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം.25/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരണം 9.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 03.08. 2023 ലെ 2(2) നമ്പർ കമ്മറ്റി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസനസ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 13 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വസ്തുനികുതി പുനർ നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

3) സേവന ഉപ നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ല. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്കായി വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റുപ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5) ലേല ഡയറി തയ്യാറാക്കിയില്ല

പഞ്ചായത്തിന്റെ വരവിനമായ ലേലം സംബന്ധിച്ച ലേല ഡയറിയിൽ പൂർണ്ണമായി രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ലേല ഡയറിയുടെ അഭാവത്തിൽ ഈയിനത്തിലെ വരവ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. വരവിനങ്ങളുടെ രേഖകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-11 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയായും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 60/- രൂപയായും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 80/- രൂപയായും ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ ഉപയോഗത്തിനനുസൃതമായി നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നമ്പർ | ഉപയോഗം | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി നിരക്ക് | ചുമത്തേണ്ട നികുതി നിരക്ക് | ഇളവ്/വർദ്ധനവ് |
|---|---|---|---|---|---|---|
| ഉണ്ണികൃഷ്ണൻ നായർ | VII/106 | ഇറച്ചി വ്യാപാരം (ലൈസൻസ് നം.612) | 11.47 | @15/ച.മീ. | @60/ച.മീ. | ഇളവ്-10%<br>വർദ്ധനവ്-20% |
| ബാലകൃഷ്ണൻ | II/465 | അമൃതം അപ്പം നിർമ്മാണം (ലൈസൻസ് നം.888) | 45.08 | @6/ച.മീ. | @50/ച.മീ. | ഇളവ്-10% |
| പ്രഭാകരൻ പിള്ള | IX/547 | ഹോൾ സെയിൽ (ലൈസൻസ് നം.1657) | 60 | @15/ച.മീ. | @50/ച.മീ. | ഇളവ്-30% |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/25.9.2023) മറുപടി ഹാജരാക്കിയില്ല. അപാകത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല

സഞ്ചയ ഡേറ്റാബേസ് പ്രകാരം 9 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന താഴെപ്പറയുന്ന 2 മൊബൈൽ ടവറുകൾക്ക് വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു.

| മൊബൈൽ ടവറിന്റെ പേര് | വാർഡ്, കെട്ടിട നം. | അടിസ്ഥാന വസ്തു നികുതി | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| ഭാരതി ഇൻഫ്രാ ടെൽ | X/258 | 2127/- | 4361 | 2022-23 മുതൽ |
| ഡിഷ്നെറ്റ് | IX/265 | 5547/- | 8984 | 2022-23 മുതൽ |

മേൽപ്പറഞ്ഞ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/25.9.2023) മറുപടി ഹാജരാക്കിയില്ല. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 2, 3 എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ബിസിനസ്സ് നടത്തുന്ന ഏതൊരു സ്ഥാപനവും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | പുലിയൂർ സർവീസ് സഹകരണ ബാങ്ക് നം.A109 | I & II |
| 2. | വിനു ഫിനാൻസ്, പുലിയൂർ | I & II |
| 3. | പുതുപ്പുരയ്ക്കൽ ഫിനാൻസ്, തോനയ്ക്കാട് | I &II |
| 4. | മലയിൽ കുന്നത്ത് ഫിനാൻസ്, കാരയ്ക്കാട് | I & II |
| 5. | K.I ഫിനാൻസ് | I & II |

മേൽ പട്ടികയിലെ ധനകാര്യ സ്ഥാപനങ്ങൾ കൂടാതെ ബിവറേജസ് ഔട്ട് ലെറ്റ്, മാന്നാർ എന്ന സ്ഥാപനവും ഓഡിറ്റ് വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയില്ല. തൊഴിൽ നികുതി ഒടുക്കാൻ നോട്ടീസ് നൽകിയിരുന്നുവെന്നും ആയത് ഒടുക്കിയില്ലായെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ തൊഴിൽ നികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ലൈസൻസുകൾ സമയപരിധിയ്ക്കുള്ളിൽ നൽകുന്നില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ലൈസൻസ് അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകേണ്ടതും പുതുക്കുവാനുള്ള അപേക്ഷകൾ ചട്ടം 10 പ്രകാരം, പട്ടിക 11 അനുസരിച്ചുള്ള ഫീസും സ്വയം സാക്ഷ്യപത്രവും പ്രകാരം പുതുക്കി നൽകാവുന്നതാണ്. എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ഭൂരിപക്ഷം അപേക്ഷകളും 30 ദിവസത്തോളം കഴിഞ്ഞാണ് നൽകുന്നതായി കാണുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ,

| ക്രമ നം. | പേര്, മേൽവിലാസം | ഇൻവേർഡ് തീയതി | ഡെലിവറി തീയതി |
|---|---|---|---|
| 1 | മുരുകൻ, 1/6 നോർത്ത് സ്ട്രീറ്റ്, സുബയ്യപുരം, തിരുനൽവേലി, അർത്തിക പേരിശ്ശേരി 3/396 | 23/02/22 | 01/04/22 |
| 2 | ജോമി ജേക്കബ് ചാക്കോ, കൊക്കാപറമ്പിൽ, അങ്ങാടിയ്ക്കൽ സൗത്ത്. എസ്.ജെ സർജിയ്ക്കൽസ് &ഫാർമസ്യൂട്ടിയ്ക്കൽസ് 1/241 | 08/03/22 | 07/05/22 |
| 3 | ജോമി ജേക്കബ്,കൊക്കാപറമ്പിൽ, എസ്.കെ എൻറർപ്രൈസസ് 1/240 | 08/03/22 | 07/05/22 |
| 4 | ഗോപാലകൃഷ്ണൻ.വി.ബി, വലിയവീട്ടിൽ, പുലിയൂർ, കൃഷ്ണ ട്രേഡേഴ്സ്, 7/530 | 13/04/22 | 07/05/22 |
| 5 | നിഖിൽകൃഷ്ണൻ, പടിഞ്ഞാറെഭാഗത്ത്, അറേബ്യൻ നൈറ്റ്, പുലിയൂർ 07/528,529 | 30/03/22 | 07/05/22 |

അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി ലൈസൻസുകൾ കൃത്യസമയത്ത് തന്നെ നൽകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/25-09-23 ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസുകൾ സമയക്രമം പാലിച്ച് വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്ററിൽ മോട്ടോർ റണ്ണിംഗ് ഫീസിന്റെ വിവരങ്ങൾ, ലേറ്റ് ഫീ യുടെ വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. ഈടാക്കിയ ഫീസിന്റെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിയ്ക്കേണ്ടതാണ്.

## 1-15 ലേലം -സുതാര്യതയില്ലാത്ത ലേല നടപടികൾ

പുലിയൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള പേരിശ്ശേരി ഗവ.യു.പി. സ്കൂളിലെ ക്ഷമതയില്ലാത്ത കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി ലേലം ചെയ്യുന്നത് 18.07.22 ലെ 2/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റി തീരുമാന പ്രകാരം ഏറ്റവും ഉയർന്ന തുക ലേലം വിളിച്ച ശ്രീ.എ.ആർ ഫാസിൽ എന്നയാൾ ലേലത്തിൽ പങ്കെടുത്തില്ലായെന്നും ലേല ഡയറിയിൽ ടി യാളുടെ ഒപ്പ് കൃത്രിമമായിരുന്നുവെന്നും ബോധ്യപ്പെട്ടതിനാൽ ടിയാൾ ലേലത്തിൽ പങ്കെടുത്തത് അയോഗ്യനാണെന്ന് തീരുമാനിയ്ക്കുകയും തൊട്ടടുത്ത കൂടിയ തുക ലേലം വിളിച്ച ശ്രീ.തുളസീധരൻപിള്ളയുടെ (281000) രൂപയുടെ ലേലം അംഗീകരിയ്ക്കുകയുമാണ് ചെയ്തത്. ലേല നടപടികൾ കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1, 156 എ പ്രകാരമാണ് നടത്തേണ്ടത്. എന്നാൽ ടി കെട്ടിടം ലേലം ചെയ്തപ്പോൾ ഫിനൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പലതും പാലിച്ചല്ല നടപ്പാക്കിയത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ലേല ഡയറി തയ്യാറാക്കിയിട്ടില്ല. ലേല രജിസ്റ്റർ മാത്രമാണ് തയ്യാറാക്കിയിരിയ്ക്കുന്നത്. ലേലത്തിൽ പങ്കെടുത്ത ഓരോരുത്തരും ലേലം വിളിച്ച തുകയുടെ വിവരങ്ങളൊന്നും ഫയലിൽ നിന്നും ലഭ്യമല്ല. ഏറ്റവും ഉയർന്ന തുക വിളിച്ച ശ്രീ.എ.ആർ ഫാസിൽ എന്നയാൾ വിളിച്ച ലേല തുക എത്രയെന്ന് ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ കമ്മിറ്റി തീരുമാനത്തിൽ ടി ലേലത്തിൽ ശ്രീ.എ.ആർ ഫാസിൽ പങ്കെടുത്തില്ലായെന്നും ടിയാളുടെ ഒപ്പ് കൃതിമമാണെന്നും കമ്മിറ്റി രേഖപ്പെടുത്തിയിരുന്നുവെങ്കിലും ആയത് എങ്ങനെ തിരിച്ചറിഞ്ഞുവെന്നുള്ളത് വ്യക്തമാക്കിയിട്ടില്ല. ലേലത്തിൽ പങ്കെടുക്കാത്ത ആളെങ്ങനെ ലേലം വിളിച്ചു എന്നത് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ടി വ്യക്തിയുടെ പേരിലാരെങ്കിലും കൃത്രിമം കാണിച്ചുവെങ്കിൽ അയാൾക്കെതിരെ നിയമനടപടി സ്വീകരിച്ചുവോയെന്നുള്ള വിവരങ്ങളും ലഭ്യമല്ല.

2)അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയിലിനൊപ്പം ഹാജരാക്കിയിട്ടില്ല.

ടി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/25-09-23 ന്

നൽകിയ മറുപടിയ്ക്കൊപ്പം വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലും എൻക്വയറിയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല. മേലിൽ ലേലം നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശാനുസരണം നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതും ലേല നടപടികളിൽ സുതാര്യത വരുത്തുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-16 സാമൂഹ്യ പെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി നം. | പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 104680100246 | കർഷക തൊഴിലാളി പെൻഷൻ | വെളുമ്പി അമ്മിണി | 10/01/23 | 01/2023 മുതൽ 06/2023 വരെ | 9600 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. സേവനയിൽ പെൻഷൻ ഇപ്പോഴും ആക്ടീവ് ആണ്. |
| 2 | 104680201655 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വിജയൻ കെ.കെ | 12/01/23 | 01/23മുതൽ 06/23 വരെ | 9600 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. സേവന യിൽ പെൻഷൻ ഇപ്പോഴും ആക്ടീവ് ആണ്. |
| 3 | 104680201112 | ഇന്ദിരാഗാന്ധി ദേശീയ | ശശിധരൻനായർ | 22/01/23 | 01/23മുതൽ 06/23 വരെ | 9600 | പെൻഷൻ സസ്പെൻഡ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വാർദ്ധക്യകാല പെൻഷൻ | | | | | ചെയ്തിട്ടില്ല. സേവന യിൽ പെൻഷൻ ഇപ്പോഴും ആക്ടീവ് ആണ്. |
| 4 | 104680201038 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | രാജൻ കെ.സി | 19/01/23 | 01/23മുതൽ 06/23 വരെ | 9600 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. സേവന യിൽ പെൻഷൻ ഇപ്പോഴും ആക്ടീവ് ആണ്. |
| 5 | 104680200742 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | കുഞ്ഞികുട്ടി | 22/02/23 | 02/23 മുതൽ 06/23 വരെ | 8000 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. സേവന യിൽ പെൻഷൻ ഇപ്പോഴും ആക്ടീവ് ആണ്. |
| | | | | | ആകെ തുക | 39200 | |

അപേക്ഷകരുടെ മരണ വിവരങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ (എം.എസ്) നം.97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ മരണം പുലിയൂർ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതും സൂക്ഷ്മ പരിശോധന നടത്തി ഇത്തരം അപാകതകൾ പൂർണ്ണമായി പരിഹരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

1-17 സെക്രട്ടറി നിർവഹണം നടത്തിയ പി.എച്ച്.സി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാതെ പദ്ധതി ഉപേക്ഷിച്ചു

പ്രോജക്ട് നം.S0048/23, പി.എച്ച്.സി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (സ്പിൽ ഓവർ)

അടങ്കൽ - 475800/- (തനത് ഫണ്ട് - 140000/-, നോൺ റോഡ് - 335800/-)

ചെലവ് - 195966/-(നോൺ റോഡ് )

ബിൽ നം.44/31.03.2023

(AS I(2)/10.10.2020

T.S No.45/NR/2019-20/16.10.2020 (തുക 1100000/-)

EST No.2020/7731)

പി.എച്ച്.സിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കാൻ അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ 10.6.2020 ലെ 1(2) കമ്മറ്റി തീരുമാന പ്രകാരം ഏൽപ്പിക്കുകയും ജില്ലാ നിർമ്മിതി കേന്ദ്രം 1100000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 2020-21 വർഷം കരാർ പ്രകാരമുള്ള ആദ്യ ഗഡു ആയ 220000/- രൂപ (TS തുകയുടെ 20%) മുൻകൂറായി ജില്ലാ നിർമിതി കേന്ദ്രത്തിന് നൽകുകയും ചെയ്തു. പ്രവൃത്തി പൂർത്തിയാകാത്തതിനാൽ ടി പ്രവൃത്തി സ്പിൽ ഓവറാകുകയും ചെയ്തു. ജില്ലാ നിർമ്മിതി കേന്ദ്രവുമായുള്ള കരാർ 19.10.2020 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 6 പ്രകാരം കരാർ തീയതി മുതൽ 4 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കുമെന്ന് അംഗീകരിച്ചിട്ടുണ്ട്. 16.02.2022 ലെ നമ്പർ NKA-30/2020 പ്രകാരം ഒന്നാം പാർട്ട് ബിൽ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തി യഥാസമയം പൂർത്തിയാക്കാതെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട വളരെക്കുറച്ച് പ്രവൃത്തി മാത്രമാണ് കരാർ കാലയളവിനുള്ളിൽ പൂർത്തിയായത്. ആയതിനാൽ 28.01.2023 ലെ 1(3) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം നിർമ്മിതി കേന്ദ്രവുമായുള്ള കരാർ അവസാനിപ്പിക്കാനും തീരുമാനിച്ചു. പ്രവൃത്തി തുടർന്ന് നിർവഹിക്കാൻ സാധിക്കാത്തതിനാൽ നിർമ്മിതി കേന്ദ്രത്തിൽ നിന്നുള്ള 18.03.2023 ലെ NKA-30/2020 കത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം പാർട്ട് ബിൽ ഫൈനൽ ബില്ലായി കണക്കാക്കി അഡ്വാൻസ് കഴിച്ച് ബാക്കി തുക നൽകാൻ 28.01.2023 ലെ 1(3) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 385154<br>(M- Book ഇല്ല) |
| 2. | സൂപ്പർവിഷൻ ചാർജ്ജ് 8% | 30812 |
| 3. | ആകെ | 415966 |
| | മറ്റ് റിക്കവറീസ് | |
| 4. | ക്ഷേമനിധി വിഹിതം (1% Of Work Done) | 3852 |
| 5. | ഇൻകം ടാക്സ് (2% ) | 8319 |
| 6. | അഡ്വാൻസ് | 220000 |
| 7. | ആകെ ബില്ലിൽ നിന്നും കുറവ് ചെയ്തത് | 232171 |
| 8. | നിർവഹണ ഏജൻസിയ്ക്ക് നൽകിയത് (ക്രമ നം.3-ക്രമ നം.7) | 183795 |

മേൽ പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ നിന്നും ജി.എസ്.റ്റി (12% - 49916/-) ഒഴിവാക്കിയാണ് ഏജൻസിയ്ക്ക് നൽകിയിട്ടുള്ളത്. ജി.എസ്.റ്റി വിഹിതം പിടിക്കുകയോ സർക്കാരിൽ ഒടുക്കുകയോ ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ ജി.എസ്.റ്റി ഒഴിവാക്കിയ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2.എഗ്രിമെന്റ് പ്രകാരമുള്ള കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനാൽ നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

3. എം. ബുക്കിന്റെ അഭാവത്തിൽ പ്രവൃത്തി സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയില്ല.

4. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തി പൂർത്തിയാകാതെ ഒന്നാം പാർട്ട് ബിൽ ഫൈനൽ ബില്ലായി കണക്കാക്കി പേയ്മെന്റ് നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ എപ്രകാരം നടപ്പാക്കുമെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.





അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/25.09.2023) പരിശോധിച്ച് മറുപടി നൽകുമെന്ന് അറിയിച്ചു. അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ സത്വര നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

1-18 നിക്ഷേപ പ്രവൃത്തികൾക്കും ഐ.കെ.എം വിഹിതം നൽകലിനുമായി തുക മുൻകൂറായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കും ഐ.കെ.എം വിഹിതം നൽകലിനുമായി തുക മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കുകയോ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | ചെലവ് | ബിൽ നം./വൗച്ചർ നം. | നിർവഹണ ഏജൻസി | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് |
|---|---|---|---|---|---|
| 1. | 192/23, വാർഡ് 10 തോനയ്ക്കാട് അങ്കണവാടി വൈദ്യുതീകരണം തുടർ പ്രവർത്തനം | 19310/- (തനത് ഫണ്ട്) | 22200478/29.11.22 | കെ.എസ്.ഇ.ബി, മാവേലിക്കര | 19310/- |
| 2. | 111/23, ഐ.കെ.എം വിഹിതം നൽകൽ | 53810/- (വികസനഫണ്ട്) | 16/11.11.2022 | ഐ.കെ.എം | 53810/- |

| | | | | | |
|---|---|---|---|---|---|
| 3. | 189/23, എഫ്.എച്ച്.സി വൈദ്യുതീകരണം | 50074/- (വികസനഫണ്ട്) | 34/22.03.2023 | കെ.എസ്.ഇ.ബി, ചെങ്ങന്നൂർ | 50074/- |
| 4. | 137/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 300000/- (വികസനഫണ്ട്) | 37/22.03.2023 (205600/-) 28/9.03.2023 (94400/-) | കെ.എസ്.ഇ.ബി, ചെങ്ങന്നൂർ | 205600/- |
| 5. | 203/23, പടനിലം പാടശേഖരം മോട്ടോർ ഷെഡിന് വൈദ്യുതി കണക്ഷൻ | 28304/- (വികസനഫണ്ട്) | 35/22.03.2023 | കെ.എസ്.ഇ.ബി, ചെങ്ങന്നൂർ | 28304 |
| 6. | 50/23, പോസ്റ്റ് ഷിഫ്റ്റിംഗ് | 152571/- (CFC) | 19426/- (22200845/30.3.23) 44049/- (22200746/9.03.2023) 89096/- (22200215/2.07.2022) | കെ.എസ്.ഇ.ബി, (ചെങ്ങന്നൂർ, മാവേലിക്കര, ചെങ്ങന്നൂർ) | 152571/- |
| | ആകെ | | | | 509669/- |

മേൽ പട്ടികയിലെ ക്രമ നം.2 പ്രകാരം നൽകിയ മുൻകൂർ തുകയുടേയും ക്രമ നം.2 ഒഴികെയുള്ള മറ്റ് നിക്ഷേപ പ്രവൃത്തികളുടേയും മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ രേഖകളും ലഭ്യമാക്കുന്നതുവരെ മേൽ ചെലവ് തുക (509669/-)തടസ്സപ്പെടുത്തുന്നു.

1-19 സമഗ്ര ആരോഗ്യ സർവ്വേ- സർവ്വേ നടത്തിയതായി രേഖയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0113/23 |
| പേര് | സമഗ്ര ആരോഗ്യ സർവ്വേ |
| അടങ്കൽ | 150000 |
| ചെലവ് | 35493 |
| ബിൽ നം | 1416637/20.03.2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) |

പുലിയൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആളുകളെയും ഉൾപ്പെടുത്തി ആരോഗ്യ സർവ്വേ നടത്തുവാൻ ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ വാങ്ങിയതിന് Medizone Health Specialities എന്ന സ്ഥാപനത്തിന് 20493/-രൂപയും Kumar Offset Printers എന്ന സ്ഥാപനം മുഖേന 18000 സമഗ്ര ആരോഗ്യ സർവ്വേ ഫോറം അച്ചടിച്ചതിന് 15000/-രൂപ പ്രിന്റിംഗ് സ്ഥാപനത്തിനും നല്കിയിട്ടുണ്ട്. എന്നാൽ ആരെയാണ് സർവ്വേ നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്,

പദ്ധതിയുടെ പുരോഗതി തുടങ്ങിയ യാതൊരു വിവരവും ഫയലിൽ ഇല്ല .

പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 25/22-22/ 06.09.23 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ ആരോഗ്യ സർവ്വേ നടപ്പായോ എന്നും നിലവിൽ ഏത് അവസ്ഥയാണെന്നും അറിയുവാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആരോഗ്യ സർവ്വേ ഫോറം അച്ചടിച്ചതിന് ചെലവായ 15000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വാങ്ങിയ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചില്ല

തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തികൾ പരിശോധിച്ചതിൽ വാങ്ങിയ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചില്ല എന്ന് വ്യക്തമായി. വാർഡ് 2 ൽ മൂലേച്ചാൽ മോട്ടോർ തറ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവർത്തിക്കായി കയർ കോർപ്പറേഷൻ ആലപ്പുഴ യിൽ നിന്നും ഇൻവോയിസ് നം. CC/IG/553/13.08.2021 പ്രകാരം 1800 ച. മീറ്റർ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. ഇതിനായി ഒരു സ്ക്വയർ മീറ്ററിന് 73.50/-രൂപ നിരക്കിൽ 132300/-രൂപ സ്ഥാപനത്തിന് നല്കിയിട്ടുമുണ്ട് (FTO No.0121EATPAYREQ0711202216518/25.03.2023).



ഈ പ്രവൃത്തിയുടെ എം. ബുക്ക് (നം.009/21-22) പ്രകാരം 1600 ച.മീറ്റർ (പേജ് 13, 15) കയർ ഭൂവസ്ത്രം വിനിയോഗിച്ചതായും മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ 117600/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികമായി വന്ന 200 ച.മീറ്റർ കയർ ഭൂവസ്ത്രം ഏത് പ്രവർത്തിക്ക് വിനിയോഗിച്ചു എന്നും വ്യക്തമല്ല.

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.5/22-23 /20.09.23 ന് മൂലേച്ചാൽ മോട്ടോർ തറ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിക്കായി 1800 ച.മീറ്റർ കയർ ഭൂവസ്ത്രമാണ് വിരിച്ചിട്ടുള്ളതെന്നും അതിന് അനുസൃതമായ പെയ്മെന്റ് നല്കിയെന്നും എന്നാൽ എം. ബുക്ക് എഴുതിയതിൽ വന്ന പിശകാണ് 1600 ച.മീറ്റർ എന്ന് എഴുതുവാൻ കാരണമെന്നും മറുപടി നല്കി. എം. ബുക്ക് എഴുതിയ അക്കാലയളവിലെ അക്രഡിറ്റഡ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

എം. ബുക്കാണ് ഒരു പ്രവൃത്തി നടത്തിയതിന്റെ ഏറ്റവും ആധികാരികമായ രേഖയെന്നിരിക്കെ തീർത്തും നിരുത്തരവാദപരമായ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പ്രവൃത്തിക്ക് ഉപയോഗിച്ചതിൽ ബാക്കിയായ 200 ച.മീറ്റർ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 14700/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

1-21 തൊഴിലുറപ്പ് പദ്ധതിയുടെ എം ബുക്ക് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നു

2022-23 കാലയളവിൽ തൊഴിലുറപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ എം. ബുക്ക് തീർത്തും അലക്ഷ്യമായാണ് കൈകാര്യം ചെയ്തിട്ടുള്ളത്. നിറയെ വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുള്ള എം ബുക്കുകൾ മേൽ പരിശോധനയ്ക്ക് വിധേയമാക്കുകയോ എം. ബുക്കുകളിൽ മെമ്മോ ഓഫ് പെയ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പൂർണ്ണമായും തൊഴിലുറപ്പ് വിഭാഗത്തിന്റെ മാത്രം ഉത്തരവാദിത്തത്തിലാണ് എല്ലാ രേഖകളും സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ മേലധികാരികളുടെ ഇടപെടൽ ഒന്നും തന്നെ നടന്നിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

M-ബുക്ക് 213/21-22 'മങ്കുഴിച്ചാൽ തോടിന് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തൽ' എന്ന പ്രവൃത്തിയുടെ M-ബുക്ക് രേഖപ്പെടുത്തൽ

നടപ്പാക്കിയ പ്രവൃത്തിയുടെ ആധികാരികമായ രേഖയെന്ന നിലയിൽ എം. ബുക്ക് കൈകാര്യം ചെയ്യുന്നതിലെ വീഴ്ചയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.5/22-23 /20.09.23 ന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്തതിനാലാണ് പല ഫയലുകളിലെയും എം. ബുക്കുകളിൽ മെമ്മോ ഓഫ് പെയ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരുന്നതെന്ന് മറുപടി നല്കി.

എം.ബുക്കുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതും മേലധികാരികളുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 1-22 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിക്കുവാൻ കരാർ ഏറ്റെടുത്തിട്ടുള്ളത് കുടുംബിനി എന്ന കുടുംബശ്രീ യൂണിറ്റാണ്. 2022-23 വർഷം ഈ യൂണിറ്റിന് ബോർഡ് സ്ഥാപിച്ച ഇനത്തിൽ 308000/- രൂപ അനുവദിച്ചിട്ടുള്ളതായി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.8/22-23/21.09.23 ന് അക്രഡിറ്റഡ് എഞ്ചിനീയർ മറുപടി നല്കി. എന്നാൽ സോഴ്സിൽ നിന്നും നിയമാനുസൃതമായി ഈടാക്കേണ്ടുന്ന ആദായ നികുതി ഈടാക്കാതെയാണ് തുക അനുവദിച്ചത്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇപ്രകാരം കുടുംബിനി കുടുംബശ്രീ യൂണിറ്റിൽ നിന്നും 6160/- രൂപ ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം തുക ഈടാക്കിയിട്ടില്ല. തുക ഇവരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. നിയമം അനുശാസിക്കും പ്രകാരമുള്ള നികുതി ഈടാക്കി മാത്രം കരാർ തുക അനുവദിക്കേണ്ടതാണ് .

## 1-23 തെരുവു വിളക്കുകൾ എൽ ഇ ഡി ലൈറ്റുകളായി മാറ്റിയിട്ടും, വൈദ്യുതി ചാർജ്ജിൽ കുറവുണ്ടാവുന്നില്ല

തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ രഹിത തെരുവ് വിളക്കുകളുടെ (KSEB Consumer No- 1155335008131) ഈ കൺസ്യൂമർ ബില്ലിന് ആധാരമാക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ ചെങ്ങന്നൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/20-09-23ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കൺസ്യൂമർ നം | കണക്റ്റഡ് ലോഡ് | ബിൽ തീയതി | ബിൽ തുക |
|---|---|---|---|---|
| 1 | 1155335008131 | 54020 | 01-04-23 | 79435 |

| | | | | |
|---|---|---|---|---|
| 2 | 1155335008131 | 54020 | 01-06-23 | 81323 |
| 3 | 1155335008131 | 54020 | 01-07-23 | 81561 |
| 4 | 1155335008131 | 54020 | 01-08-23 | 81756 |

കെ.എസ്.ഇ.ബി ചെങ്ങന്നൂർ സെക്ഷനിൽ നിന്നും ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി (കൺസ്യൂമർ നം- 1155335008131) ബില്ലിലെ കണക്ടഡ് ലോഡിനെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 2022-23 ലെ വാർഷിക പ്രോജക്ടിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്ടിലും LED ബൾബുകളാണ് വാങ്ങി സ്ഥാപിച്ചത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകളൊന്നും തന്നെയില്ലയെന്നത് വ്യക്തമാണ്. സംയുക്ത പരിശോധനയുടെ അഭാവത്തിൽ കെ.എസ്.ഇ.ബി ഈടാക്കുന്നത് അവ്യക്തവും അയഥാർത്ഥവുമായ നിരക്കുകളാണ്. യഥാർത്ഥമായ തരത്തിലുള്ള കെ.എസ്.ഇ.ബിയുടെ ബില്ലിംഗ് നടത്താറില്ലാത്തത് കാരണം തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുവാൻ കാരണമാകുന്നു. പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുമുണ്ടാവേണ്ടതാണ്.

പുലിയൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാകുന്ന തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽ തുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-24 വാങ്ങലിൽ ജില്ലാ തല യൂണിറ്റ് കോസ്റ്റ് പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 73 |
| പേര് | ഞങ്ങളും കൃഷിയിലേക്ക് - ഇടവിള കിറ്റ് വിതരണം |
| അടങ്കൽ | 197900 |
| ചെലവ് | 197500 |
| ബിൽ നം. | 1379737/16.03.2023 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഇടവിള കിറ്റ് വിതരണം എന്ന പദ്ധതിക്കായി കെയ്കോ, തിരുവല്ലയിൽ നിന്നും 500/- രൂപ നിരക്കിൽ 395 കിറ്റ്, കിഴങ്ങു വർഗ്ഗ വിളകൾ വാങ്ങിയിട്ടുണ്ട്.

| ഇനം | ഒരു കിറ്റിന്റെ തൂക്കം / നിരക്ക് | തുക |
|---|---|---|
| ചേന | 5കിലോ / 50 രൂപ | 250/- |
| ചേമ്പ് | 2 കിലോ / 70 രൂപ | 140/- |

| | | |
|---|---|---|
| കാച്ചിൽ | 2.200 കിലോ /50 രൂപ | 110/- |
| ആകെ | 9. 200 കിലോ | 500/- |

ജില്ലാ ആസൂത്രണ സമിതിയുടെ 1873/21/14/ എഫ് വൈ പി / ഡി പി ഒ / ഡി പി സി / എ എൽ പി/തീയതി 25.07.22 നമ്പർ ഉത്തരവ് പ്രകാരം ചേന ഒരു കിലോയ്ക്ക് 45/-രൂപയും കാച്ചിൽ ഒരു കിലോയ്ക്ക് 50/- രൂപയുമാണ് വില. എന്നാൽ മേൽ പദ്ധതിയിൽ അംഗീകൃത നിരക്കിൽ നിന്നും വ്യതിചലിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആകെ വില കണക്കാക്കുമ്പോൾ സാമ്പത്തിക നഷ്ടം സംഭവിച്ചതായി കാണുന്നില്ലെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തുന്നത് ഉചിതമല്ല.

അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 15/22-23/ 25.09.23 ന് മറുപടി നല്കിയില്ല. വാങ്ങലുകളിൽ ഏകീകൃത സമ്പ്രദായം നിലനിർത്തുവാൻ ജില്ലാ തല യൂണിറ്റ് കോസ്റ്റ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ ഉത്തരവുകൾ പാലിച്ചുമാത്രം വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 ബാല ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ - തുക സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു

ബാല ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ (S0169/23) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 9500 രൂപ (ബിൽ നം.204/14.02.23) വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസ് ന്റെ അക്കൗണ്ടിൽ 14.02.23 ൽ നിക്ഷേപിച്ചിരുന്നു. കുടുംബശ്രീ ഓഫീസിനോട് ചേർന്നുള്ള ബാല ലൈബ്രറിക്ക് പുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. തുക നിലവിലും സി.ഡി.എസ് ന്റെ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. പുസ്തകം ഇതേ വരെയും വാങ്ങാതിരുന്നതിന്റെ കാരണം, പുസ്തകം വാങ്ങുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/25.09.23), 21.09.23 ലെ സി.ഡി.എസ് കമ്മറ്റി തീരുമാന പ്രകാരം ഡി.സി ബുക്ക്സിൽ നിന്നും പുസ്തകങ്ങൾ വാങ്ങാൻ തീരുമാനിച്ചതായി മറുപടി നൽകി. ഇതേ വരെയും പുസ്തകം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ 9500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗിനായി പദ്ധതി (S0027/22-23) തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു.

39000 രൂപ (തനത് ഫണ്ട്) അടങ്കലിൽ ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി തൻവർഷം 25000 രൂപ ചെലവഴിച്ചു. പ്രൊവിഡൻസ് എഞ്ചിനീയറിംഗ് കോളേജ് സിവിൽ എഞ്ചിനീയറിംഗ് വകുപ്പ് ഹെഡിന്റെ അക്കൗണ്ടിലാണ് തുക നൽകിയത്. മസ്റ്റർ റോൾ തയ്യാറാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതിയുടെ പുരോഗതി വ്യക്തമല്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/22-23), എ.ഇ, എ.എക്സ്.ഇ ലെവൽ വേരിഫിക്കേഷൻ മാത്രമാണ് ഇനി ആവശ്യമായതെന്നും അതിന് ഫണ്ട് ആവശ്യമില്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത് (10000/- ചെക്ക് നം.736201/17.06.22,

15000/-ചെക്ക് നം.269810/23.03.23).

ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും രണ്ടാം ഘട്ട പ്രവർത്തനത്തിന് പദ്ധതി തയ്യാറാക്കിയിട്ടില്ലാത്തതുമായ സാഹചര്യത്തിൽ തൻവർഷ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുക.

1-27 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ഉൾപ്പെടെയുള്ള തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ബാരൽ വില ഇനത്തിൽ കുറവ് ചെയ്ത തുക | ജി.എസ്.റ്റി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക |
|---|---|---|
| പാറയിൽപടി കനാൽ പെരിയത്തുപടി പോത്തലക്കാട് വാഴക്കൂട്ടം റോഡ് റീ-ടാറിംഗ് | 21 ബാരൽ @ 281 = 5901 | 900 |
| പഞ്ചായത്ത് ഓഫീസ് മലയിൽപടി കുളങ്ങരേത്ത് പടി റോഡ് പുനരുദ്ധാരണം | 20 ബാരൽ @ 281 = 5620 | 857 |
| തമ്മണ്ണപേരിൽ പടി കൊച്ചീപറമ്പിൽ പടി റോഡ് പുനരുദ്ധാരണം | 14 ബാരൽ @ 281 = 3934 | 600 |
| | | 2357 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/26.09.23), ജി.എസ്.റ്റി തുക അടയ്ക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. മേൽ പ്രവൃത്തികളുടെയും, തൻവർഷം നിർവ്വഹിച്ച എല്ലാ ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ തുകയും ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

പ്രോജക്ട് നം. S0102/23, ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 150000/-

ചെലവ് - 149686/- (നോൺ റോഡ്)

BRN.22070252010801492426/25.03.2023

നിർവഹണം-മെഡിക്കൽ ഓഫീസർ (ആയുർവേദം)

ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഫർണീച്ചറുകളും GEM മുഖാന്തിരമാണ് വാങ്ങിയിട്ടുള്ളത്. സിഡ്കോയിൽ നിന്ന് ഫർണീച്ചർ വാങ്ങിയതിന്റെ ബില്ലും (25686/-) IT പ്രൊഫഷണൽസ് എന്ന സ്ഥാപനത്തിൽ നിന്നുള്ള ഒരു പ്രിന്ററും 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും

വാങ്ങിയതിന്റെ ബില്ലുമാണ് (124000/-) ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ, ക്വോട്ട് ചെയ്ത നിരക്ക്, സ്പെസിഫിക്കേഷൻ, കംപാരിസൺ സ്റ്റേറ്റ്മെന്റ് എന്നീ GEM ൽ നിന്നുള്ള രേഖകൾ ലഭ്യമല്ല. കൂടാതെ ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. പ്രോജക്ട് സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകളും ഹാജരാക്കിയിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/26.09.2023) മറുപടി ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 149686/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 കൈപ്പറ്റ് /വിതരണ രേഖകൾ ലഭ്യമാക്കിയില്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0020/23 |
| പേര് | പകർച്ച വ്യാധി നിയന്ത്രണം |
| അടങ്കൽ | 50000 (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 50000 |
| ബിൽ നം | 1393669/18.03.2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) |

പുലിയൂർ ഗ്രാമ പഞ്ചായത്തിൽ മാറാ രോഗങ്ങൾ ഇല്ലാത്ത ജനതയെ വാർത്തെടുക്കുക, പകർച്ച വ്യാധി ഉന്മൂലനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി എഫ് എച്ച് സി യിലെ ആരോഗ്യ പ്രവർത്തകരുടെ ആവശ്യപ്രകാരം പ്രതിരോധ ബോധവല്കരണ കലണ്ടർ NN Signs & Graphics, Kuttamperoor എന്ന പ്രസ്സ് മുഖേന അച്ചടിച്ചിട്ടുള്ളതായാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

| വാർഡ് നം | അച്ചടിച്ച നോട്ടീസിന്റെ എണ്ണം | സ്ഥാപനത്തിന്റെ ബിൽ നം./തുക, (ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) | കലണ്ടർ ആവശ്യപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 4,6 | 616 | 002/ 7693/- | സജീദാ ബീവി . ടി.കെ, ജെ.പി.എച്ച്.എൻ ഗ്രേഡ് 11 |
| 7,9,13 | 923 | 013/11538/- | അപേക്ഷ ഫയലിൽ ഇല്ല |
| 10,11 | 615 | 011/7693/- | പി.കെ സുജാ ദേവി പിള്ള, ജെ.പി.എച്ച്.എൻ ഗ്രേഡ് 11 |
| 1,8,12 | 923 | 017/ 11538 | അഞ്ജു വി.എൽ, ജെ.എച്ച്.ഐ ഗ്രേഡ് 11 |
| 2,3,5 | 923 | 037/11538 | സജിത്ത് വി.എസ്, ജെ.എച്ച്.ഐ ഗ്രേഡ് 11 |

| | | | |
|---|---|---|---|
| ആകെ | 4000 | 50000/- | |

ആകെ 4000 കലണ്ടർ അച്ചടിച്ചതിന്റെ തുക മേൽ സ്ഥാപനത്തിന് നല്കിയിട്ടുണ്ടെങ്കിലും ഇവ ആരോഗ്യ പ്രവർത്തകർ കൈപ്പറ്റിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളില്ല. ഓഡിറ്റ് അന്വേഷണം നം.25/22-226.09.23 മുഖേന രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. വിതരണ രേഖകളുടെ അഭാവത്തിൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 തോടുകളുടെ ആഴം കൂട്ടലും ശുചീകരണവും- ഒരേ ഇനം പ്രവൃത്തികൾ രണ്ട് പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്നു

തോടുകളുടെ ആഴം കൂട്ടലും ശുചീകരണവും, കയർ ഭൂവസ്ത്രം വിരിക്കൽ എന്നിവയ്ക്കായി താഴെ പറയും പ്രകാരമുള്ള പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്.

1)തോടുകളുടെ ആഴം കൂട്ടലും ശുചീകരണവും- കൊരണ്ടിച്ചാൽ എഴുവാത്തറ തോട്, S0231/21

2)മുതലക്കുഴിച്ചാലിന് ബണ്ട് നിർമ്മാണവും ആഴം കൂട്ടലും, വാർഡ് 10,

3)പേരൂർകുളങ്ങര കുളം നവീകരണം, 3/22-23

4)വാഴയിൽ പടി മങ്കുഴിച്ചാൽ തോട് നവീകരണം, S0124/22

5)കുളഞ്ഞിത്തറ കോളനി കളീക്കൽ കുളം തോട് നവീകരണം, 26/23

1) മേൽ പറഞ്ഞ പ്രവൃത്തികളിൽ Jungle Clearance, Earth Work Excavation എന്നീ പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്. മുതലക്കുഴിച്ചാലിന് ബണ്ട് നിർമ്മാണവും ആഴം കൂട്ടലും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കലും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ചിട്ടുണ്ട്. ഇതേ പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാം എന്നിരിക്കെ അതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി.

2)അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറയുന്ന ചാലുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും വൃത്തിയാക്കിയിട്ടുണ്ട്.

| അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പദ്ധതികളുടെ വിശദാംശം | | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം | |
|---|---|---|---|
| മുതലക്കുഴിച്ചാലിന് ബണ്ട് നിർമ്മാണവും ആഴം കൂട്ടലും, വാർഡ് 10, 146<br>28/AE/05.01.23<br>എൻ.ആർ തുളസീധരൻ പിള്ള<br>344867/-FCA | Jungle Clearance, 2.31= $445.250m^2$@15.4 = 6856.85<br>EWE, 2.6.1, $483m^3$@223.41 = 107907.03<br>Filling, $322.4m^3$@269.88 = 87009.31<br>Laying Coir Geo Textiles, $448.980m^2$@236.41 = | 1)മുതലക്കുഴി അച്ചൻകോവിലാർ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കൽ<br>No. MGNREGS/21/20-21 | 720 $M^3$ ൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുണ്ട്.<br>M Book-84/20-21<br>Muster Roll Dt 20/01/22 |
| | | 2)മുതലക്കുഴി അച്ചൻകോവിലാർ | 621.12 $M^3$ ൽ എർത്ത് വർക്ക് |

| | | | |
|---|---|---|---|
| | 106146.36<br>അളവ് തീയതി – 11/03/23 -28/03/23 | മോട്ടോർതറ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കൽ<br>No.MGNREGS/07/ 20-21 | എസ്കവേഷൻ നടത്തിയിട്ടുണ്ട്.<br>M Book-118/20-21<br>Muster Roll Dt 27/01/22 |
| വാഴയിൽ പടി മങ്കുഴിച്ചാൽ തോട് നവീകരണം, So124/22<br>FCA - 300000<br>വാർഡ് 3<br>തുളസീധരൻ പിള്ള, 286100/- | 2.31 Jungle Clearence മങ്കുഴിച്ചാൽ (2x1500x1 = 3000),<br>വാഴയില്പടി ചാൽ (2x1000x0.9),<br>10602m$^2$@15.43 = 163588<br>2.6.1 Earth Work Excavation, 325x2.8x.3, 487.39@223.41=108887 | മങ്കുഴിച്ചാൽ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കൽ, വാർഡ് 3<br>481000<br>Work Start Date - 28/2/22<br>Project No.MGNREGS/15/ 21-22<br>151015 രൂപ ചെലവഴിച്ചിട്ടുമുണ്ട്. | മങ്കുഴിച്ചാൽ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി 855 M$^2$ ൽ കയർഭൂവസ്ത്രം വിരിച്ചിട്ടുണ്ട്.<br>M Book-213/21-22<br>Muster Roll Dt 27/03/22 |

3)തോടുകളുടെ വിസ്തൃതി വ്യക്തമല്ല. കൃത്യമായ റീച്ച് രേഖപ്പെടുത്തിയിട്ടില്ല. ഈ തോടുകളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

4)എല്ലാ പ്രവൃത്തിയും ഒരേ കരാറുകാരൻ തന്നൊണ് നിർവഹിച്ചിട്ടുള്ളത്. ടെണ്ടർ നടപടികളുടെ സുതാര്യതയും സംശയാസ്പദം.

5)എം ബുക്ക് പ്രകാരം രണ്ട് പ്രവൃത്തികളും ഒരേ കാലയളവിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/26.09.23), എൽ.ഐ.ഡി&ഇ.ഡബ്യൂ നിർവ്വഹിച്ച പ്രവൃത്തികളുടെ ആഴം 1.5 - 2 മീറ്ററാണെന്നും യന്ത്ര സാമഗ്രികൾ ഉപയോഗിച്ചാണ് ടി പ്രവൃത്തികൾ നടത്തിയതെന്നും ഹിറ്റാച്ചി, ബാർജ് തുടങ്ങിയ യന്ത്രങ്ങൾ ഉള്ള കരാറുകാരന് മാത്രമേ ടി പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ എന്നും ടി കരാറുകാരന് പി.ഐ.പി(പമ്പ) വകുപ്പിൽ ജോലി ചെയ്ത് പരിചയം ഉണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. കൂടാതെ എൽ.ഐ.ഡി&ഇ.ഡബ്യൂ വിഭാഗവും തൊഴിലുറപ്പ് വിഭാഗവും വ്യത്യസ്ത റീച്ചുകളിലാണ് പ്രവൃത്തി നടപ്പിലാക്കിയെന്നും മറുപടി നൽകിയിട്ടുണ്ട്. കയർ ഭൂവസ്ത്രം വിരിക്കൽ പോലെ സാങ്കേതികത്വം അധികം ആവശ്യമില്ലാത്ത പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതും രണ്ട് പദ്ധതികളിലും ഒരേ പ്രവൃത്തികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

### 1-31 സ്കൂളിനായി വാങ്ങിയ ഉപകരണങ്ങൾ അലക്ഷ്യമായി സൂക്ഷിക്കുന്നു

ഹെഡ്മാസ്റ്റർ, ഗവ.യു പി എസ്, പേരിശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ നടപ്പാക്കിയ

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനായും വാങ്ങിയ ഉപകരണങ്ങൾ സൂക്ഷിക്കുവാൻ സൗകര്യമില്ലാതെ വെറും നിലത്താണ് സൂക്ഷിച്ചിരിക്കുന്നതെന്ന് സ്കൂളിൽ 25.09.2023 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | 150/23 | 185/23 |
| പേര് | തദ്ദേശ പരിധിയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം | സ്കൂൾ കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന ഉപകരണങ്ങൾ |
| അടങ്കൽ | 335800 | 100000 |
| ചെലവ് | 322200 | 100000 |
| ബിൽ നം | 1455371/24.03.23 | 1526187/28.03.23 |







മേൽ പദ്ധതികൾ പ്രകാരം വാങ്ങിയിട്ടുള്ള Acer Laptop, കുട്ടികളുടെ കളിയുപകരണങ്ങൾ എന്നിവയും മുൻ വർഷത്തിൽ ലഭിച്ച ടെലിവിഷനും നിലത്തു സൂക്ഷിക്കുന്നതു മൂലം അവ പെട്ടന്ന് തന്നെ നശിച്ചു പോകാൻ ഇടയാകും. ടെലിവിഷൻ കവർ പോലും തുറക്കാതെ സൂക്ഷിച്ചിരിക്കുന്നതിൽ നിന്നും അത് സ്കൂളിന് ആവശ്യമായ ഉപകരണമല്ല എന്ന് വ്യക്തമാണ്. കൂടാതെ ലാപ് ടോപ്പിന് ക്യാരി ബാഗ് ലഭിച്ചിട്ടില്ലാത്തതിനാൽ അവ പാഴ്സലിൽ വന്ന ബൈന്റ് കവറിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. സ്കൂളിൽ ആവശ്യമായ ഗ്രൗണ്ട് ഇല്ലാത്തതിനാൽ ക്രിക്കറ്റ് ബാറ്റ്, ബോൾ എന്നിവ ഉപയോഗിച്ചിട്ടില്ല. ചെസ്സ് ബോർഡ്, ക്യാരംസ് ബോർഡ് തുടങ്ങി ക്ലാസ്സ് മുറിക്കകത്ത് തന്നെ ഉപയോഗിക്കാവുന്ന കളിയുപകരണങ്ങളും ഇതു വരേയും കവർ പോലും തുറക്കാതെ സൂക്ഷിച്ചിരിക്കുകയാണ് .

തദ്ദേശ പരിധിയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി പ്രകാരം വാങ്ങിയതും ഗവ.ജെ ബി എസ് തോനയ്ക്കാടിന് അനുവദിച്ചതുമായ ഒരു ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും പ്രൊജക്ടർ സ്ഥാപിക്കുവാൻ സ്കൂളിന്റെ മേൽക്കൂരയിൽ സൗകര്യമില്ലാത്തതിനാൽ ഇതുവരേയും ഉപയോഗ പ്രദമാക്കുവാൻ സാധിച്ചിട്ടില്ല.

ലക്ഷങ്ങൾ വില വരുന്ന ഉപകരണങ്ങൾ അവയുടെ ആവശ്യം കൃത്യമായി നിർണ്ണയിച്ചതിനു ശേഷവും അവ കാര്യക്ഷമമായി കൈകാര്യം ചെയ്യുവാനും സൂക്ഷിക്കുവാനും ഉപയോഗിക്കുവാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനു ശേഷം മാത്രം വാങ്ങുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-32 ഹരിത കർമ്മ സേനയ്ക്കായി വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S0121/23 |
| പേര് | ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനം വാങ്ങൽ -ഇ റിക്ഷ |
| അടങ്കൽ | 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>350000 (കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ചെലവ് | 147000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>350000 (കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ബിൽ നം.<br>റിക്വസിഷൻ നം. | XVFC/2022-23/P/18/06.03.2023- 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>350000 (കേന്ദ്രാവിഷ്കൃത ഫണ്ട് ) |

വി ഇ ഒ (പേരിശ്ശരി സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഹരിത കർമ്മ സേനയ്ക്ക് ഖരമാലിന്യ നീക്കത്തിന് ആവശ്യമായ വാഹനം വാങ്ങൽ എന്ന പദ്ധതിക്കായി ഫ്ലോററ്റ് ടോക്നോളജിസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ ഫയലിൽ ലഭ്യമല്ല.

2.വാഹനത്തിന് എത്ര അളവ് മാലിന്യം വഹിക്കുവാൻ കഴിയുമെന്ന് പ്രോജക്ടിൽ പ്രതിപാദിച്ചിട്ടില്ല.

3. വാഹനം ഉപയോഗിക്കുന്നതായി കാണുന്നില്ല.

4. വാഹനത്തിന് ഡ്രൈവറെ നിയോഗിച്ചതായി രേഖകളില്ല.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം/രേഖകളും വാഹനം നിലവിൽ എവിടെ സൂക്ഷിക്കുന്നുവെന്നതിന്റെ വിവരവും ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.12/22-23/ 23.09.23 – ന്റെ അടിസ്ഥാനത്തിൽ വാഹനം സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി. എന്നാൽ മറ്റു വിവരങ്ങൾ അറിയിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതി (പ്രോജക്ട് നം.166/23) ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല. വാഹനം നിലവിലും ഉപയോഗിക്കാതെ സൂക്ഷിക്കുകയും ഹരിത കർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് എം സി എഫ് ൽ എത്തിക്കുവാൻ തനതു ഫണ്ടിൽ നിന്നും വാടക തുക ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് ആവശ്യമായ തുക കൺസോർഷ്യം ഫണ്ടിൽ നിലനിൽക്കുമ്പോൾ ഇപ്രകാരം തനതു ഫണ്ടിന് അധിക ബാധ്യത വരുത്തുന്നത് ഉചിതമായ നടപടിയല്ല. ഹരിത കർമ്മ സേനയ്ക്കായി വാങ്ങുന്ന വാഹനം ശരിയായി ഉപയോഗ പ്രദമാക്കുവാൻ സാധിക്കുന്നതല്ലെന്ന വിവിധ പഞ്ചായത്ത് അധികൃതർ ഉയർത്തുന്ന പരാതി ഇവിടെയും നിലനിൽക്കുന്നു. ഭാരം വഹിച്ച് കൊണ്ട് അധിക ദൂരം സഞ്ചരിക്കുവാനോ, വളവുകൾ തിരിയുവാനോ ഉള്ള ശേഷി ഇ റിക്ഷ എന്ന വാഹനത്തിന് ഇല്ല. പദ്ധതിക്കായി ഒരു വാഹനം വാങ്ങിയെന്നല്ലാതെ ഇത് ഉപയോഗ പ്രദമാക്കാൻ സാധിക്കാത്തത് പദ്ധതി പണത്തിന്റെ പാഴ് ചെലവാണ്.

ഹരിത കർമ്മ സേനയ്ക്കായി വാങ്ങിയ വാഹനം ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-33 വില മുൻകൂറായി നൽകിയെങ്കിലും ഹോമിയോ മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് നം. 15/23, ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 250000/-

ചെലവ് - 250000/- (നോൺ റോഡ്)

ബിൽ നം. 1/2022-23 തീ.22.12.2022

2022-23 വർഷത്തെ 'ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ' (പ്രോജക്ട് നം.15/2023) എന്ന പ്രോജക്ടിൽ ഹോമിയോ മരുന്ന് വാങ്ങുന്നതിനായി ഹോംകോ, ആലപ്പുഴയ്ക്ക് 250000/- രൂപ മുൻകൂർ നൽകിയെങ്കിലും 125753/- രൂപയുടെ മരുന്നുകളാണ് നാളിതുവരെ ലഭിച്ചത്. 124247/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു. പദ്ധതി പ്രകാരമുള്ള മരുന്ന് യഥാസമയം ഹോംകോയിൽ നിന്നും ലഭ്യമായിട്ടില്ലായെന്നും ലഭിക്കാനുള്ള മരുന്ന് ലഭ്യമാക്കാൻ ഹോംകോയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. മരുന്ന് ഹോംകോയിൽ നിന്ന് അടിയന്തിരമായി ലഭിക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-34 പദ്ധതി ആസൂത്രണ നിർവ്വഹണത്തിൽ കൃത്യതയില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ അവയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് കണ്ടു.

1. കെട്ടിട വാടക എഫ്.എച്ച്.സി ജീവനക്കാരിയുടെ പേരിൽ അനുവദിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0017/23 |
| പേര് | പേരിശ്ശേരി സബ് സെന്ററിന്റെ വാടക |
| അടങ്കൽ | 14400 (നോൺ റോഡ്) |
| ചെലവ് | 8400 |
| ബിൽ നം | 588253/27.09.2022-4800<br>1549349/29.03.2023-3600 |

പേരിശ്ശേരി സബ് സെന്റർ പ്രവർത്തിക്കുന്നത് പുലിയൂർ ഗ്രാമ പഞ്ചായത്ത് 4-ാം വാർഡിൽ ചിറത്തറയിൽ എസ് ഡി ഭവനത്തിൽ ഇന്ദിരാഭായ് എന്ന വ്യക്തിയുടെ കെട്ടിടത്തിലാണ്. പ്രസ്തുത കെട്ടിടത്തിന്റെ വാടക എഫ് എച്ച് സി യിലെതന്നെ ജീവനക്കാരിയായ സജിതാ ബീവി. ടി.ആർ, ജെ പി എച്ച് എൻ ഗ്രേഡ് 11 ന്റെ പേരിലാണ് (ഫെഡറൽ ബാങ്ക്-അക്കൗണ്ട് നം. 99980102000234) മാറിയെടുത്തിട്ടുള്ളത് .

ജി ഒ (പി )നം. 147/2017 ഫിൻ / 16.11.2007 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ അക്കൗണ്ട് വ്യക്തിപരമായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടാണ് തുക കൈമാറുന്നതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിനു വിരുദ്ധമായി തുക യഥാർത്ഥ ഗുണഭോക്താവിന് നല്കാതെ കെട്ടിട വാടക എഫ് എച്ച് സി യിലെ ജീവനക്കാരിയുടെ പേർക്ക് അനുവദിച്ചതിനു കാരണം വ്യക്തമല്ല.

2. ഒരേ പ്രവർത്തിക്കായി വ്യത്യസ്ത പ്രോജക്ടുകൾ

പുലിയൂർ എഫ്.എച്ച്.സി യിൽ ശുചീകരണ പ്രവർത്തികൾ ദിവസ വേതനാടിസ്ഥാനത്തിൽ ചെയ്യുന്ന ശ്രീമതി ഷീജ, ശ്രീമതി ഉഷ എന്നിവർക്ക് പ്രതിമാസം വേതനം അനുവദിക്കുന്നതിന് വ്യത്യസ്തമായ രണ്ടു പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരു ദിവസം 450/- രൂപ നിരക്കിലാണ് ശമ്പളം നിശ്ചയിച്ചിട്ടുള്ളത്. ഒരു പ്രോജക്ടിൽ ഇവർ ആർദ്രം പദ്ധതി ഭാഗമായുള്ള ജീവനക്കാർ എന്നും അടുത്ത പ്രോജക്ടിൽ ക്ലീനിംഗ് സ്റ്റാഫ് എന്നുമാണ് പറഞ്ഞിട്ടുള്ളത്.

| | | |
|---|---|---|
| പ്രോജക്ട് നം. | 14/23 | 18 /23 |
| പേര് | ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള | ക്ലീനിംഗ് സ്റ്റാഫിന്റെ വേതനം |

| | | |
|---|---|---|
| | ജീവനക്കാരുടെ വേതനം | |
| അടങ്കൽ | 267070 | 89550 |
| ചെലവ് | 245410 | 76050 |
| ബിൽ നം./ തുക | 218670 /20.06.2022 / 40500<br>(2022 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വേതനം ) | 268212/04.07.2022/13500 (ജൂൺ 2022)<br>1296139/03.03.2023/13500 (ഫെബ്രുവരി 2023)<br>1165402/08.02.2023/13500(ജനവരി 2023)<br>987866/03.01.2023/8550 (ഡിസംബർ 2022)<br>1459689/24.03.2023/13500 (ഏത് മാസത്തേതെന്ന് വ്യക്തമല്ല )<br>717125/31.10.2022/13500 (ഒക്ടോബർ 2022)<br>494524/31.08.2022/13500 (ഓഗസ്റ്റ് 2022)<br>631004/10.10.22/13500 (ഏത് മാസത്തേതെന്ന് വ്യക്തമല്ല) |

ക്ലീനിംഗ് സ്റ്റാഫിന്റെ വേതനത്തിനായി ഒരു പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റൊരു പ്രോജക്ടിൽ നിന്നുകൂടി വേതനം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. മേൽ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 25/22-23/ 26.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വ്യക്തമായ കാഴ്ചപ്പാടോടെ പദ്ധതികൾ ആസൂത്രണം ചെയത് നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-35 കോവിഡ് കാലം കഴിഞ്ഞിട്ടും കോവിഡ് പ്രതിരോധം എന്ന പേരിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 21 |
| പേര് | കോവിഡ് പ്രതിരോധം |
| അടങ്കൽ | 25000 |
| ചെലവ് | 25000 |
| ബിൽ നം. | 1116736/30.01.2023 |

പുലിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്ന കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾക്കു ശേഷം നടന്ന ശുചീകരണ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയറിനായി ഉപയോഗിക്കുന്ന വാഹനം പുലിയൂരിൽ നിന്നും ആലപ്പുഴ ഡി എം ഒ ഓഫീസിലേക്കും - തിരിച്ചും യാത്ര നടത്തിയതിന്റെ കൂലി, ആശുപത്രിയിലേക്ക് ആവശ്യമായ ബക്കറ്റ്, ചൂൽ, ക്രാഫ്റ്റ് പേപ്പർ, ബാറ്ററി, കിണറു വല, സ്റ്റെയിൽ, പേന, പെൻസിൽ, കട്ടർ, റബ്ബർ, സെല്ലോ ടേപ്പ്, ക്ലീനിംഗ് ലോഷനുകൾ, പാത്രം കഴുകുന്ന സോപ്പ് തുടങ്ങിയ വിവിധ പർച്ചേസുകൾ ഉൾപ്പെട്ടതാണ് പ്രസ്തുത പദ്ധതിയുടെ ചെലവ്. കോവിഡ് വ്യാപനം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ഇപ്രകാരം ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് യുക്തി സഹമായ നടപടിയല്ല.

വാക്സിനേഷനു ശേഷമുള്ള ക്ലീനിംഗ് ഈ പദ്ധതി പ്രകാരം നടപ്പാക്കാവുന്ന ചെലവായി

കണക്കാക്കാമെങ്കിലും സ്ഥാപനത്തിന് ആവശ്യമായ സ്റ്റേഷനറി ഓഫീസ് എക്സ്പെൻസ് ചെലവിൽ ഉൾപ്പെടുത്താതെ ഈ പദ്ധതിയിലൂടെ വാങ്ങിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 25/22-23/26.09.23 ന് മറുപടി ലഭ്യമാക്കിയില്ല.

കണ്ടിജന്റ് ചെലവുകൾ അതിനായി മാറ്റിവയ്ക്കപ്പെട്ട ഫണ്ടിൽ നിന്നു മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-36 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 8000/- രൂപ ലഭിക്കാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ (B-18) രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ പരിശോധിച്ചതിൽ ബിന്ദു.എസ്, അസിസ്റ്റന്റ് സെക്രട്ടറി, സുമാദേവി, ക്ലർക്ക് എന്നിവർ 4000/- രൂപ വീതം തിരികെ ഒടുക്കാൻ അവശേഷിച്ചിട്ടുണ്ട്. ടി വിഷയത്തിന് സ്ഥലം മാറിപ്പോയ മേൽ പരാമർശിച്ച 2 ജീവനക്കാരിൽ സുമാദേവിയുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഈ വർഷം തിരികെ ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു. ലഭിക്കാനുള്ള അഡ്വാൻസ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാങ്ങിയ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചില്ല

തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തികൾ പരിശോധിച്ചതിൽ വാങ്ങിയ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചില്ല എന്ന് വ്യക്തമായി. വാർഡ് 2 ൽ മൂലേച്ചാൽ മോട്ടോർ തറ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിക്കായി കയർ കോർപ്പറേഷൻ ആലപ്പുഴയിൽ നിന്നും ഇൻവോയിസ് നം. CC/IG/553/13.08.2021പ്രകാരം 1800 ച. മീറ്റർ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. ഇതിനായി ഒരു സ്ക്വയർ മീറ്ററിന് 73.50/-രൂപ നിരക്കിൽ 132300/-രൂപ സ്ഥാപനത്തിന് നല്കിയിട്ടുമുണ്ട് (FTO No.0121EATPAYREQ071120221 6518/25.03.2023).

ഈ പ്രവൃത്തിയുടെ എം ബുക്ക് (നം.009/21-22) പ്രകാരം 1600 ച.മീറ്റർ ( പേജ് 13, 15) കയർ ഭൂവസ്ത്രം വിനിയോഗിച്ചതായും മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ 117600/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികമായി വന്ന 200 ച.മീറ്റർ കയർ ഭൂവസ്ത്രം ഏത് പ്രവൃത്തിക്ക് വിനിയോഗിച്ചു എന്നും വ്യക്തമല്ല.

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/22-23/20.09.23) മൂലേച്ചാൽ മോട്ടോർ തറ തോട് ആഴം കൂട്ടി ബണ്ട് ബലപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവർത്തിക്കായി 1800 ച.മീറ്റർ കയർ ഭൂവസ്ത്രമാണ് വിരിച്ചിട്ടുള്ളതെന്നും അതിന് അനുസൃതമായ പെയ്മെന്റ് നല്കിയെന്നും എന്നാൽ എം ബുക്ക് എഴുതിയതിൽ വന്ന പിശകാണ് 1600 ച.മീറ്റർ എന്ന് എഴുതുവാൻ കാരണമെന്നും മറുപടി നല്കി. എം ബുക്ക് എഴുതിയ അക്കാലയളവിലെ

അക്രഡിറ്റഡ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

എം ബുക്കാണ് ഒരു പ്രവൃത്തി നടത്തിയതിന്റെ ഏറ്റവും ആധികാരികമായ രേഖയെന്നിരിക്കെ തീർത്തും നിരുത്തരവാദപരമായ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പ്രവൃത്തിക്ക് ഉപയോഗിച്ചതിൽ ബാക്കിയായ 200 ച.മീറ്റർ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 14700/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 403147 | നെൽകൃഷി | 403147 | 0 |
| | | 200000 | പാൽ ഇൻസെന്റീവ് | 200000 | 0 |
| | | 1280000 | ലൈഫ് (ജനറൽ, എസ്.സി) | 1280000 | 0 |
| | | 500000 | ലൈഫ് (എസ്.സി) | 500000 | 0 |
| | | 800000 | ലൈഫ് (എസ്.സി) അഡീഷണൽ) | 800000 | 0 |
| | | 369100 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 369100 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 930070 | നെൽകൃഷി | 930070 | 00 |
| | | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| | | 180000 | പാൽ ഇൻസെന്റീവ് | 180000 | 0 |
| | | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 100000 | 0 |
| | | 1020000 | ലൈഫ് (എസ്.സി) | 1020000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 22200845/30.03.23 | 152571 | 152571 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 28,37/22.03.23 | 300000 | 300000 | 0 |
| കെ.എസ്.ഇ.ബി | എഫ്.എച്ച്.സി വൈദ്യുതീകരണം | 34/22.03.23 | 50074 | 50074 | 0 |
| കെ.എസ്.ഇ.ബി | വാർഡ് 10 അങ്കണവാടി വൈദ്യുതീകരണം | 22200478/29.11.22 | 19310 | 19310 | 0 |
| കെ.എസ്.ഇ.ബി | പടനിലം പാടശേഖരം മോട്ടോർ ഷെഡിന് വൈദ്യുതി കണക്ഷൻ | 35/22.03.23 | 28304 | 28304 | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | -- | 2980000 | 9796000 | 1812870 | 0 | 10963130 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2021/22 | 1-13 | 3731 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220103576/ 02.03.2023 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28654441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25981749 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 758855 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 509669 | ഇ.ആർ.ഓമന അമ്മാൾ, സെക്രട്ടറി-420573/-- |
| | | ആർ.ശ്രീല, സെക്രട്ടറി-89096/- |
| 1-19 | 15000 | ഡോ.ഗണേഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-25 | 9500 | മോഹൻ ദാസ് കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 25000 | പ്രവീൺ പി.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 149686 | ഡോ.ബിനിത രാജ്, എം.ഒ, ആയുർവേദം |
| 1-29 | 50000 | ഡോ.ഗണേഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 758855 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20/3-1 | 14700/- | അഭിജിത്ത്.എം, അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-22 | 6160/- | 1.അഭിജിത്ത്.എം, അക്രഡിറ്റഡ് എഞ്ചിനീയർ<br>2.മോഹൻ ദാസ് കെ, അസിസ്റ്റന്റ് സെക്രട്ടറി<br>3.ഇ.ആർ.ഓമന അമ്മാൾ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആർ.ശ്രീല, സെക്രട്ടറി | സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ, കൊല്ലകടവ്.പി.ഒ., ചെങ്ങന്നൂർ |
| ഇ.ആർ.ഓമന അമ്മാൾ, സെക്രട്ടറി | വിരമിച്ച | എടപ്പാട്ട് കിഴക്കതിൽ ഹൌസ്, ചെറിയനാട്.പി.ഒ |
| മോഹൻ ദാസ് കെ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പുലിയൂർ ഗ്രാമപഞ്ചായത്ത് | ചക്കുവിളതറയിൽ, ചെട്ടികുളങ്ങര പി.ഒ |
| പ്രവീൺ പി.എൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പുലിയൂർ ഗ്രാമപഞ്ചായത്ത് | പ്രവിദം, പുന്തലത്താഴം, കിളികൊല്ലൂർ.പി.ഒ |
| ഡോ.ബിനിത രാജ്, എം.ഒ, ആയുർവേദം | പുലിയൂർ ആയുർവേദ ഡിസ്പെൻസറി, പുലിയൂർ.പി.ഒ | ആഷിർ ഭവൻ, ഞാറക്കാല, പ്ലാമൂട്ടുകട പി.ഒ, തിരുവനന്തപുരം |
| ഡോ.ഗണേഷ്. മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുലിയൂർ ഗ്രാമപഞ്ചായത്ത് | കൊച്ചുപനങ്ങാട്ട് വീട് , കുന്നത്തൂർ ഈസ്റ്റ്.പി.ഒ., കൊല്ലം-690540 |
| അഭിജിത്ത്.എം, അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, പുലിയൂർ ഗ്രാമപഞ്ചായത്ത് | അഭിജിത്ത്.എം, വലിയപറമ്പിൽ ഹൌസ്, പുലിയൂർ.പി.ഒ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ 8/1159/ 00/30.11.2000/08.02.2001 |
| 1997-98 (ചെലവ് ), 1998-99(ചെലവ്), 1999-2000 (വരവ്), 2003-04, 2004-05, 2005-06, 2006-07, 2008-09, 2009-10, 2010-11 & 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 | കെ.എസ്.എ.- എ.എൽ.പി.- പി.12-1251/2022/02.05.2023 |
| 2007-08 | എൽ.എഫ്.ജി.എ. 5/1577/13 തീയതി 20.05.2014 |

| | |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി.-പി.12/1495/2018 തീയതി 04.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.12/185/2020 തീയതി 22-05-2020 |
| 2019-20 &2020-21 | കെ.എസ്.എ-എ.എൽ.പി-പി12/734/2021 തീയതി 24-09-2021 |
| 2021-2022 | കെ.എസ്.എ.-എ.എൽ.പി-പി.12/250/2023 തീയതി 29/03/23 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 07-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Puliyoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Puliyoor Grama Panchayat for the year 2022-2023

Date: 15/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Puliyoor Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1-1-1 There is no match between the annual financial statements and the ACR

1-1-2 CFC Grant - Opening balance amount is inaccurate

1-1-3 Inaccuracy in loan calculation

1-1-4 Profession tax Traders DCB not matching

1-1-5 The advance to various agencies is not explained

1-1-6 Property Tax - Sanchaya - ILGMS DCBs are not matching

1-1-7 Appropriation Control Register does not record complete information

1-1-8 All the required statements as per accounting rules are not included in the annual accounts

1-1-9 Cash flow statement- does not reflect the correct figure

1-1-10 Valuation of panchayat assets has not been updated

1-1-11 The accuracy of amount under the Capital Work in Progress has not been explained

1-1-12 Items adjusted as Prior Period - Notes on Account not prepared.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്